# സമാധാനം

എൽസി യോഹന്നാൻ ശങ്കരത്തിൽ (yohannan.elcy@gmail.com)

വാരി വാരിപ്പിടിക്കുവാ നോടിയോടി ക്കിതച്ചിട്ടും
വാരിക്കൂട്ടി പ്പിടിച്ചിട്ടും മിച്ചമില്ലൊന്നും,

ആരുതാനും തൻ കൈക്കുമ്പിൾ നിറച്ചു പിടിക്കുവാനേ
പാരിൽ മർത്യനെ യീശ്വരനനുവദിക്കൂ

തിരിഞ്ഞൊന്നു നോക്കിടവേ നേടിയില്ല ഒന്നുമൊന്നും
തിരിച്ചു പിടിക്കുവാനോ ജീവിതമില്ല

കൂട്ടരെ കരകയറ്റി മക്കളെ വളർത്തി, പക്ഷേ,
കൂട്ടരോ മക്കളോയിന്നു ചാരത്തില്ലാരും

സ്വപ്നങ്ങളെ താലോലിച്ചു ജീവിച്ചു വന്നീടുമ്പോഴോ,
സ്വപ്നം മാത്രം ബാക്കി, വേഗം ജീവിതം തീരും

എങ്ങോട്ടൊന്നു തിരിഞ്ഞാലും ആർക്കുമില്ല സമാധാനം
എന്തിനു പണം പ്രതാപം ചിന്തിക്കുമപ്പോൾ

അച്ഛനമ്മ പിരിയുന്നു വിവാഹങ്ങളുലയുന്നു
ഇച്ഛകൾക്കു പിമ്പേ ബന്ധം കാറ്റിൽ തൂറ്റുമ്പോൾ

സ്നേഹമെങ്ങും വരളുന്നു കടമകൾ മറക്കുന്നു
മോഹത്തിൻ കാനൽ ജലത്തിൽ യുവത്വം പാളും

മർത്യനായി ജനിച്ചവരാരും ഭാഗ്യപൂർണ്ണരല്ല
എത്രമേലങ്ങുയരുന്നോ വിഴ്ചയും തത്ര!

എത്രമാത്രം നേടിയാലും തൃപ്തി ഹൃത്തിലുൺടെന്നാകിൽ
ശാന്തിയൊന്നു മിച്ചമെങ്കിൽ ജീവിതം ദീപ്തം.

ഇത്രമാത്രമെനിക്കുള്ളു, മിത്രത്തിനങ്ങേറെയുൺടു്
ഇത്രയുമുൺടെന്ന ചിന്തയെത്ര സംതൃപ്തം!

സത്യമാർഗ്ഗം വിട്ടുമാറി എത്രമേൽ നാം നേടിയാലും
നിത്യമായതൊന്നുമാത്രം സത്വമാം സ്വച്ഛം!

സത്പഥങ്ങളൊന്നുമാത്രം ജീവിതാനന്തരത്തിങ്കൽ
ശാന്തിയേകുമെന്ന ചിന്ത നമ്മെ നയിക്കിൽ

കൈവിരലിലെണ്ണാകുന്നീ ജീവിതത്തിൽ നന്മ തിങ്ങിൽ
കൈവന്നീടും ശാന്തി ഭൂവിൽ, ജീവിതത്തിലും !

------------